No: E 02/23

**ദൈവകൃപയാൽ**

**അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിൽ കീഴിലുള്ള യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ യുറോപ്പ് ഇടവകകളുടെ ഡോ. കുര്യാക്കോസ് തെയോഫീലോസ് മെത്രാപ്പോലീത്ത.**

MALANKARA SYRIAN ORTHODOX CHURCH THEOPHILOSE KURIAKOSE METROPOLITAN EUROPE

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ യൂറോപ്പിലെ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിമാർക്കും ഭരണസമിതി അംഗങ്ങൾക്കും ശേഷം ആത്മീയമക്കൾക്കും കർത്താവിൽ വാഴ്വ്

പ്രിയരേ,

വീണ്ടും പ്രത്യാശയുടെ ഒരു ഉയിർപ്പ് പെരുന്നാളിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കർത്താവിന്റെ കല്ലറയിലേക്ക് സ്ത്രീകൾ ഭയത്തോടും, ഉത്കണ്ഠയോടും, നിരാശയോടുമായിരുന്നു പോയത്. ഏറ്റവും വലിയ ആകുലത കല്ലറയിലെ കല്ല് ആര് മാറ്റുമെന്നായിരുന്നു. എന്നാൽ കല്ലറക്കൽ ചെല്ലുമ്പോൾ കാണുന്നത് കല്ലുകൾ മാറ്റപ്പെട്ട് തുറക്കപ്പെട്ട കല്ലറയായിരുന്നു. നമ്മുടെ ജീവിതത്തിലും ഇന്ന് ഭയത്തിന്റെയും, ആകുലതകളുടെയും, തകർച്ചകളുടെയും അനേകം കല്ലുകൾ നാം കണ്ടു സംശയിച്ച് പോകുന്നു. കർത്താവിന്റെ പുനരുദ്ധാനം നമ്മുടെ ഭയത്തെ മാറ്റുന്നു, ആകുലതകൾ ദൂരീകരിക്കുന്നു, സംശയത്തെ അകറ്റുന്നു. മരണകരമായ അവസരങ്ങളിൽ ജീവന്റെയും, പ്രത്യാശയുടെയും വെളിച്ചം വീശുന്നു. എല്ലാവർക്കും ഉയിർപ്പിന്റെ മംഗളങ്ങളും ഉയർത്തെഴുന്നേറ്റ കർത്താവിന്റെ സമാധാനവും പ്രത്യാശയും നേരുന്നു.

വീണ്ടും പ്രിയരേ,

ദൈവകൃപയാൽ യൂറോപ്പിലേക്ക് അനേകം യുവജനങ്ങൾ എത്തിച്ചേരുകയും പുതിയ ഇടവകകൾ രൂപം കൊള്ളുകയും ചെയ്യുകയാണല്ലോ. നമ്മുടെ എല്ലാ ഇടവകകളിലും യൂത്ത് അസോസിയേഷൻ ആരംഭിക്കുകയും, അവരുടെ ആത്മീയവും ഭൗതീകവുമായ വളർച്ചക്ക് ആവശ്യമുള്ള പ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കുകയും ചെയ്യേണ്ടതാണ്. യൂറോപ്പ് തലത്തിലെന്നപോലെ പ്രാദേശിക തലത്തിലും, ഒരു രാജ്യത്തുള്ള ഇടവകകളിലെ യുവജനങ്ങൾക്ക് ഒത്തുചേരുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നത് നല്ലതാണ്.

നമ്മുടെ ഇടവകകളിലെ പ്രവർത്തനങ്ങളും ആരാധനാ ക്രമീകരണങ്ങളും ഭദ്രസന വെബ് സൈറ്റിലെ പോലെത്തന്നെ എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റുഫോമുകളിലും പങ്കുവെക്കുവാൻ മറക്കരുത്. അതായതു ഇൻസ്റ്റാഗ്രാം, വാട്സപ്പ് തുടങ്ങിയുള്ള പ്ലാറ്റുഫോമു കളും പ്രയോജനപ്പെടുത്തുന്നത് ഉത്തമമാണ്.

2023 ഒക്ടോബർമസം 27,28,29 തീയതികളിൽ മാൾട്ടയിൽ വച്ച് നടത്തുവാൻ നാം നിശ്ചയിച്ചിരിക്കുന്ന യൂറോപ്പ് ഫാമിലി കോൺഫ്രൻസിൽ പങ്കടുക്കുവാൻ ആഗ്രഹിക്കുന്ന, ഇനിയും പേര് രെജിസ്റ്റർ ചെയ്യാത്തവർ എത്രയും പെട്ടന്ന് ആയതു നിവർത്തിക്കേണ്ടതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളേടൊപ്പം വർത്തിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യക മർത്തമറിയം അമ്മയുടെയും ശ്ലീഹൻമാരിൽ തലവനായ പരിശുദ്ധ പത്രോസിന്റെയും ഭാരതത്തിന്റെ കാവൽ പിതാവായ മോർ തോമ്മാശ്ലീഹയുടെയും പ്രാർത്ഥനകളാൽത്തന്നെ, **ആമ്മീൻ.**

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ.**

ഉദയഗിരി സെമിനാരിയിൽ നിന്നും
2023 എപ്രിൽ മാസം 8-ാം തിയതി

**ഡോ. കുര്യാക്കോസ് തെയോഫീലോസ്**
**മെത്രാപ്പോലീത്ത**